# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3172** | **19.06.2018-ൽ മറുപടിയ്ക്ക്**

### തദ്ദേശ സ്ഥാപനങ്ങളിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മോൻസ് ജോസഫ്<br>,, പി.ജെ.ജോസഫ്<br>,, റോഷി അഗസ്റ്റിൻ<br>ഡോ.എൻ. ജയരാജ് | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | വിവിധ ക്ഷേമ പെൻഷനുകൾക്ക് അപേക്ഷ സ്വീകരിക്കുന്നത് നിർത്തിവെച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;വിശദമാക്കാമോ; | (എ) | വിവിധ ക്ഷേമ പെൻഷനുകൾക്ക് അപേക്ഷ സ്വീകരിക്കുന്നത് പ്രാദേശിക സർക്കാരുകൾ നിർത്തി വച്ചിട്ടില്ല. എന്നാൽ പ്രാദേശിക സർക്കാരുകൾ സ്വീകരിച്ച അപേക്ഷകൾ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് സോഫ്റ്റ് വെയർ എൻട്രി നടത്താൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ കൃത്യമാക്കുന്നതിനും അനർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ഒഴിവാക്കുന്നതിനും പുതിയ പെൻഷൻ അപേക്ഷകൾ രേഖപ്പെടുത്തുന്നത് ധനകാര്യ വകുപ്പിന്റെ 25.05.2017 ലെ 460587/2017/ധന. നമ്പർ സർക്കുലർ പ്രകാരം താൽക്കാലികമായി തടഞ്ഞിട്ടുള്ളതാണ്. ടി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പുതിയ ഗുണഭോക്തൃ വിവരങ്ങൾ രേഖപ്പെടുത്താവുന്നതാണ്. |
| (ബി) | തദ്ദേശ സ്ഥാപനങ്ങളിൽ ലക്ഷക്കണക്കിന് അപേക്ഷകൾ കെട്ടിക്കിടക്കുന്ന സാഹചര്യം പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കാമോ; | (ബി) | നിലവിൽ പ്രാദേശിക സർക്കാരുകളിൽ ലഭിച്ചിട്ടുള്ള വികലാംഗപെൻഷനു വേണ്ടിയുള്ള അപേക്ഷകൾ നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് പെൻഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റ് സാമൂഹ്യ സുരക്ഷാ പെൻഷനുകൾ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണ്. |
| (സി) | ഇപ്പോൾ പെൻഷൻ വാങ്ങുന്ന നല്ലൊരു വിഭാഗത്തെ ഒഴിവാക്കാൻ സർക്കാർ ശ്രമിക്കുന്നതായ പരാതിക്ക് എങ്ങനെ പരിഹാരം കാണും എന്ന് വ്യക്തമാക്കാമോ; | (സി) | ഇപ്പോൾ പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കളിൽ പെൻഷൻ അർഹതാ മാനദണ്ഡങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങളുടെ അടിസ്ഥാനത്തിൽ അനർഹർ എന്ന് കണ്ടെത്തിയിട്ടുള്ളവരെ മാത്രമാണ് ഒഴിവാക്കപ്പെട്ടിട്ടുള്ളത്. സത്യവാങ്മൂലം സമർപ്പിക്കാത്തവർ, വിവിധ പ്രാദേശിക സർക്കാരുകളിൽ ഒരേ സമയം പെൻഷൻ വാങ്ങിയവർ, വാർഷിക വരുമാന പരിധി 1 ലക്ഷം രൂപ കവിഞ്ഞവർ, പുനർവിവാഹിതരായ വിധവകൾ, സർവ്വീസ് പെൻഷൻ കൈപ്പറ്റുന്നവർ, ആദായ നികുതി നൽകുന്നവർ, 2 ഏക്കറിൽ കൂടുതൽ ഭൂമി സ്വന്തമായോ കുടുംബത്തിനോ ഉള്ള പട്ടിക വർഗ്ഗക്കാരല്ലാത്തവർ എന്നിവരെയാണ് അനർഹരായി കണ്ടെത്തി ഒഴിവാക്കുന്നതിന് ശ്രമിച്ചിട്ടുള്ളത്. |
| (ഡി) | വെബ് സൈറ്റ് തകരാറിലാണെന്ന പ്രശ്നം പരിഹരിച്ചിട്ടുണ്ടോ; അനർഹരെ ഒഴിവാക്കുന്നതിന് സർക്കാർ സർവ്വേ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | (ഡി) | വെബ്സൈറ്റ് തകരാറിലായിട്ടില്ല. പുതിയ പെൻഷൻ അപേക്ഷകൾ രേഖപ്പെടുത്തുന്നത്, അനർഹരെ കണ്ടെത്തി ഒഴിവാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുന്ന അവസരത്തിൽ തുറന്നു നൽകുന്നതാണ്. നിലവിൽ വികലാംഗ പെൻഷൻ അപേക്ഷകൾ രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ട്. തിരഞ്ഞെടുക്കപ്പെട്ട പ്രാദേശിക സർക്കാരുകളിൽ സാമ്പിൾ സർവ്വേ നടത്തുന്നതിന് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സർവ്വേ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല |

സെക്ഷൻ ഓഫീസർ